KOTTAYAM PUBLIC LIBRARY

Call No. MF2 Acc. No. 13707

Author കുമാരൻനായർ പി.കെ.

Title നളോദയം

# നളോദയം

NATIONAL BOOK STALL * KOTTAYAM * BR.
SPCS LTD.

Samskritha Sahityamala-6

# NALODAYAM

(OF KALIDASA)

BY

P. M. KUMARAN NAIR

mFZ

First Impression 1962 Copies 1000

Publishers:

P. K. BROTHERS, CALICUT

nP. 60

സംസ്കൃതസാഹിത്യമാല-6

# നളോദയം

(കാളിദാസൻ)

(370)

ഗ്രന്ഥകർത്താ:

**പി. എം. കുമാരൻനായർ**

പ്രസാധകർ:

**പി. കെ. ബ്രദേഴ്സ്, കോഴിക്കോട്**

വില 60 ന. പ.

Printed at Parishanmudranalayam, Ernakulam

# ആമുഖം

നളമഹാരാജാവിൻെറ കഥ ഭാരതചരിത്ര ത്തിൽ അനശ്വരമായ ഒരു രേഖയാണു്. നളനും ദമയന്തിയും തമ്മിലുള്ള അപൂൎവ്വമായ പ്രേമത്തെ ഭാര്യാഭൎത്താക്കന്മാർ മാതൃകയായി അംഗീകരിച്ചിരിയ്ക്കുന്നു. മഹാഭാരതത്തിൽ ഈ കഥ സവിസ്തരം പ്രതിപാദിയ്ക്കപ്പെട്ടിട്ടുണ്ടു്. പിന്നീടു് അനേകം കവികൾ ഈ കഥയേ ആധാരമാക്കി കാവ്യങ്ങൾ രചിച്ചിട്ടുള്ളതായി കാണുന്നു. അവയിൽ ഹൎഷൻെറ കൃതിയായ നൈഷധമാണു് സുപ്രസിദ്ധമായിട്ടുള്ളതു്. അതിൽ കവിസങ്കല്പം മൂലകഥയേ വ്യക്തമാക്കുന്നില്ല. അതിനുംപുറമേ അതു് അപൂൎണ്ണവുമാണു്. അങ്ങനെ നോക്കിയാൽ മഹാഭാരതത്തിലെ നളോപാഖ്യാനമാണു് സ്വീകാരയോഗ്യമായിട്ടുള്ളതു്. കാളിദാസകൃതിയായ നളോദയത്തിൽ നളൻെറ കഥയെയാണു് വിവരിച്ചിട്ടുള്ളതു്. കാളിദാസൻ ആരായിരുന്നുവെന്നും, ഏതുകാലത്താണു് ജീവിച്ചിരുന്നതെന്നും ഉള്ളതിനേപ്പററി ശക്തിയേറിയ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടു്. ശാകുന്തളം, രഘുവംശം എന്നീ കൃതികളുടെ കൎത്താവായ കവികുലഗുരു കാളിദാസനല്ല നളോദയമെഴുതിയതു് എന്നു് വിദ്വാന്മാർ അഭിപ്രായപ്പെടുന്നു.

വേറെ ഒരു കാളിദാസനാണ് അതെഴുതിയതു് എന്നാണ് അവരുടെ പക്ഷം. എന്നാൽ നളൻെറ കഥയെ സംബന്ധിച്ചേടത്തോളം പറയുകയാണെങ്കിൽ മഹാഭാരതത്തിൽ ഉല്ലേഖനം ചെയ്ത അതിൻെറ പ്രാചീനതയെ ആരുംതന്നെ ചോദ്യം ചെയ്യുകയില്ലെന്നുള്ളതു തീർച്ചയാണ്. അതിൻെറ ലോകപ്രിയത വിവാദങ്ങൾക്കതീതമായി വർത്തിയ്ക്കുന്നു.

ഈ ചെറുഗ്രന്ഥം നളോദയം, നളോപാഖ്യാനം എന്നീ രണ്ടു കൃതികളുടെ അടിസ്ഥാനത്തിലാണ് എഴുതപ്പെട്ടിട്ടുള്ളതു്. നളോദയം എന്നപേർ നൽകിയതു് നളോദയത്തിൽനിന്നു് ആരംഭിച്ചതുകൊണ്ടാണ്.

—പി. എം. കുമാരൻനായർ.

# 1

വളരെക്കാലംമുമ്പ് ഭാരതഖണ്ഡത്തിൽ നിഷധമെന്നു പേരായ സമൃദ്ധിയുള്ള ഒരു രാജ്യമുണ്ടായിരുന്നു. അവിടെ വീരസേനൻ എന്ന ഒരു രാജാവ് വാണിരുന്നു. അദ്ദേഹത്തിന്നു കാമദേവനേപ്പോലെ സുന്ദരനായ ഒരു പുത്രൻ ജനിച്ചു. നളൻ എന്നു് ആ കുട്ടിയ്ക്കു് നാമകരണം ചെയ്തു. തൻെറ പിതാവിനേപ്പോലെ പ്രതാപിയും സത്യവാദിയും സംയമിയും ആയിരുന്നു അദ്ദേഹം. അല്പകാലത്തിന്നുള്ളിൽ അദ്ദേഹം എല്ലാ വിദ്യകളിലും നൈപുണ്യം സമ്പാദിച്ചു. പിന്നീട് അച്ഛനിൽനിന്നു് രാജ്യഭാരമേററെടുക്കുകയും മന്ത്രിമാരുടെ സഹായത്തോടും ഉപദേശത്തോടുംകൂടി സൽഭരണം നടത്തുവാൻ തുടങ്ങുകയുംചെയ്തു. തന്നിമിത്തം പ്രജകളെല്ലാം അദ്ദേഹത്തെ ജീവനുതുല്യം സ്നേഹിച്ചുവന്നു.

അക്കാലത്തു വിദർഭയിൽ ഭീമനെന്നുപേരായ ഒരു രാജാവായിരുന്നു രാജ്യം ഭരിച്ചിരുന്നതു്. അദ്ദേഹവും വളരെ ശക്തിശാലിയായിരുന്നു. ദമനൻ എന്ന മഹർഷിയെ അദ്ദേഹം സേവിച്ചു് സന്തുഷ്ടനാക്കിത്തീർത്തിരു

ന്നു. അദ്ദേഹത്തിന്റെ അനുഗ്രഹത്താൽ രാജാവിന്നു് ദമൻ, ദാന്തൻ, ദമനൻ എന്നീ മൂന്നുപുത്രന്മാരും ദമയന്തി എന്ന സുന്ദരിയായ ഒരു പുത്രിയും ജനിച്ചു. പ്രായപൂർത്തിയെത്തിയ ദമയന്തി സമവയസ്സരായ കന്യകമാരിൽവെച്ചു് ഏററവും സുന്ദരിയായി കരുതപ്പെട്ടു. കവികൾക്കുപോലും അവളുടെ സൌന്ദര്യത്തെ വർണ്ണിയ്ക്കുവാൻ സാദ്ധ്യമായിരുന്നില്ല. അക്കാലത്തു ലോകത്തിൽവെച്ചു് ഏററവും ഉത്തമനായ പുരുഷൻ നളനായിരുന്നുവെങ്കിൽ ഏററവും സൌന്ദര്യവതിയായ സ്ത്രീ ദമയന്തിയായിരുന്നു.

ഒരുദിവസം നളൻ ഉപവനത്തിൽ ചുററിത്തിരിഞ്ഞു് ഒരു സരസ്സിന്റെ തീരത്തെത്തി. കാലാവസ്ഥ അത്യന്തം സുഖപ്രദമായിരുന്നു. പ്രകൃതിസൌന്ദര്യം മുററിത്തഴച്ചുനില്ക്കുന്ന ആ കാഴ്ച ആരേയും കോൾമയിർക്കൊള്ളിച്ചിരുന്നു. നളൻ മുഗ്ദ്ധചിത്തനായി അതു നുകൎന്നുകൊണ്ടു് അങ്ങനെ നിന്നു. ആ സമയത്തു് രാജഹംസങ്ങളുടെ ഒരു കൂട്ടം അവിടെ വന്നിറങ്ങി. അല്പനേരം നളൻ അവയുടെ ചിത്താകൎഷകമായ ക്രീഡയും കണ്ടു കൊണ്ടു നിന്നു. അവയിൽ ഒന്നിനെപ്പിടിച്ചു് ഉല്ലസിയ്ക്കണമെന്നു് പെട്ടെന്നു് അദ്ദേഹത്തിന്റെ മനസ്സിൽ ഒരു വിചാരമുദിച്ചു. നളൻ അത്യധികം ദയാലുവും ആരെയും ഉപദ്രവിയ്ക്കാൻ ഇഷ്ടപ്പെടാത്ത ഒരാളുമായിരുന്നു. എന്നാൽ അപ്പോൾ അദ്ദേഹത്തിന്നു് അങ്ങനെയാണു് തോന്നിയതു്. അദ്ദേഹം അടുത്തേയ്ക്കു വരുന്നതു കണ്ടപ്പോൾ ഹംസങ്ങളെല്ലാം പറന്നുപോയി. എന്നാൽ ഒരു യുവഹംസത്തെ അദ്ദേഹത്തിന്റെ കയ്യിൽ കിട്ടി.

അതു് കുതറിനോക്കിയെങ്കിലും നളൻെറ കയ്യിൽനിന്നു് അതിനു് രക്ഷപ്പെടുവാൻ സാധിച്ചില്ല. അപ്പോഠം അതു് നളനോടു് മനുഷ്യഭാഷയിൽ ഇപ്രകാരം പറഞ്ഞു.

"അല്ലയോ രാജാവേ, നളമഹാരാജാവു് വളരെ ബുദ്ധിമാനും ദയാലുവുമാണെന്നാണു് ഞങ്ങഠം കേട്ടിരുന്നതു്. അദ്ദേഹത്തിൻെറ രാജ്യത്തിൽ യാതൊരനീതിയുമില്ലെന്നായിരുന്നു ഞങ്ങളുടെ വിശ്വാസം. എന്നാൽ അങ്ങയുടെ പ്രവൃത്തികാണുമ്പോഠം അതു ശരിയല്ലെന്നു് കരുതേണ്ടിയിരിയ്ക്കുന്നു. സാധുജീവികളായ ഞങ്ങളെ പിടിച്ചുവെച്ചതുകൊണ്ടു് അങ്ങയ്ക്കു് എന്തു സുഖമാണു് ലഭിയ്ക്കുക? ഇങ്ങനെയുള്ള കളി കളിയ്ക്കുവാൻ അങ്ങയ്ക്കു് ലജ്ജ തോന്നുന്നില്ലേ? ഇതുകൊണ്ടു് അങ്ങയുടെ കീർത്തി വർദ്ധിയ്ക്കുവാൻ പോകുന്നില്ല. അങ്ങയ്ക്കു് സ്വന്തം പരാക്രമം പ്രദർശിപ്പിയ്ക്കണമെന്നുണ്ടെങ്കിൽ അതിന്നു് വന്യമൃഗങ്ങളും ശക്തിശാലികളായ രാജാക്കന്മാരും ധാരാളമുണ്ടല്ലോ. അല്പസമയം വിശ്രമിയ്ക്കുവാനും ഈ ഉപവനത്തിൻെറ സൗന്ദര്യമാസ്വദിയ്ക്കുവാനും വേണ്ടിയാണു് ഞങ്ങഠം ഇവിടെ ഇറങ്ങിയതു്. കുറച്ചുനേരം വിശ്രമിച്ചു് ഞങ്ങഠം പോകുവാൻ ഭാവിയ്ക്കുകയായിരുന്നു. എൻെറ വൃദ്ധയായ അമ്മയേയും ബാലപത്നിയേയും കൊച്ചുകുഞ്ഞിനേയും കുറിച്ചു് അങ്ങൊന്നു് ചിന്തിച്ചുനോക്കുക. അമ്മ എന്നേയും കാത്തുകൊണ്ടിരിയ്ക്കുന്നുണ്ടായിരിയ്ക്കും. ഭാര്യയും കുട്ടിയും എത്രമാത്രം സങ്കടപ്പെടുന്നുണ്ടെന്നു് ദൈവത്തിന്നുമാത്രമേ അറിഞ്ഞുകൂടു. നിർദ്ദയനായ ഒരു രാജാവിൻെറ മനോവിനോദത്തിന്നുവേണ്ടി എൻെറ ജീവൻ ആഹുതിചെയ്യ

പ്പെട്ടുവാൻ പോകയാണെന്നു് ആ പാവങ്ങൾക്കു് എങ്ങനെ അറിയുവാൻ കഴിയും?"

ഇത്രയുംപറഞ്ഞു് ആ യുവഹംസം വിലപിയ്ക്കാൻ തുടങ്ങി. അല്പസമയത്തിന്നുള്ളിൽ അതു് ബോധരഹിതനായിത്തീൎന്നു. ബോധം തെളിഞ്ഞപ്പോൾ അതു് വീണ്ടും പറയുവാൻ തുടങ്ങി.

"സ്രഷ്ടാവേ, അങ്ങു് ഇത്ര നിൎദ്ദയനാണോ? താമരയിൽനിന്നു് ജനിച്ച അങ്ങയുടെ കരങ്ങൾ താമരപോലെ മൃദുലമാണല്ലോ. ആ കരങ്ങൾ കൊണ്ടുതന്നെയല്ലേ അങ്ങു് എൻെറ ഭാൎയ്യയേയും സൃഷ്ടിച്ചതു്? അതേ കരങ്ങൾകൊണ്ടു് ഞങ്ങളെ വേർപെടുത്തുക എന്ന ക്രൂരകൃത്യം അങ്ങയ്ക്കു് എങ്ങനെ ചെയ്യാൻ സാധിച്ചു! എൻെറ കൊച്ചുകുഞ്ഞു് കണ്ണുമിഴിച്ചിട്ടില്ല. ഞാൻ കൊണ്ടുപോകുന്ന ഭക്ഷണത്തേയുംകാത്തു് അവർ അവിടെ ഇരിയ്ക്കുന്നുണ്ടാകും. ഞങ്ങളുടെയെല്ലാം നാശകാലമടുത്തിരിയ്ക്കുന്നുവെന്നാണു് തോന്നുന്നതു്. വൃദ്ധമാതാവു് പുത്രൻെറയും, യുവപത്നി പതിയുടെയും, കൊച്ചുകുഞ്ഞു് പിതാവിൻെറയും വിരഹാഗ്നിയിൽ ദഹിച്ചു് മരിച്ചുപോകുന്നതായിരിയ്ക്കും. ഇവിടെ ഞാനാകട്ടെ അവരെയെല്ലാം ഓൎത്തു് ജീവത്യാഗം ചെയ്യുകയും ചെയ്യും." ഇത്രയുംപറഞ്ഞു് അതു് വീണ്ടും മൂൎഛിച്ചുപോയി.

ഇതുകണ്ടപ്പോൾ നളരാജാവിന്നു് വളരെ വേദന തോന്നി. തൻെറ ഒരു ചെറിയ സ്വാൎത്ഥം സാധിയ്ക്കുന്നതിന്നായി മൂന്നുനാലു ജീവികളെ ഇത്രയധികം ദുഃഖിപ്പിച്ചതിന്നു് അദ്ദേഹം പശ്ചാത്തപിയ്ക്കുവാൻ തുടങ്ങി.

ഒടുവിൽ അദ്ദേഹം ഹംസത്തെ വിട്ടു. ഹംസം വിചാരിച്ചതു് തൻെറ അവസാനം അടുത്തിരിയ്ക്കുന്നുവെന്നാണു്. എന്നാൽ പെട്ടെന്നു് മുക്തി ലഭിച്ചപ്പോൾ അതിനു് അത്യധികം സന്തോഷമുണ്ടായി. കൃതജ്ഞതാപൂർവ്വം അതു് ഇപ്രകാരം പറഞ്ഞു:-

"മഹാരാജാവേ, ഈ ജീവിതത്തിൽ എൻെറ കുടുംബത്തെ കാണുവാൻ സാധിയ്ക്കയില്ലെന്നാണു് ഞാൻ കരുതിയതു്. എന്നാൽ അങ്ങയുടെ കാരുണ്യംകൊണ്ടു് ഞങ്ങൾക്കെല്ലാവർക്കും ഒരു നവജീവൻ ലഭിച്ചു. അതിനു് അങ്ങയോടു് ഞങ്ങൾ എത്രയും കടപ്പെട്ടവരാണു്. അതിനാൽ ജീവിതംമുഴുവൻ സ്മരിയ്ക്കത്തക്ക ഒരു സേവനം ഞങ്ങൾ അങ്ങയ്ക്കുവേണ്ടി ചെയ്യുന്നതായിരിയ്ക്കും."

ഇത്രയുംപറഞ്ഞു് ഹംസം പറന്നുപോയി. നളൻ രാജഭവനത്തിലേയ്ക്കു് തിരിച്ചുവരികയും ചെയ്തു.

# 2

ദമയന്തി തൻെറ കൊട്ടാരത്തിൻെറ ജനൽപടി മേലിരുന്നു് പൂന്തോട്ടത്തിൻെറ സൌന്ദര്യം ആസ്വദിച്ചുകൊണ്ടിരിയ്ക്കുകയായിരുന്നു. പക്ഷികൾ കളകളസ്വനം പുറപ്പെടുവിച്ചുകൊണ്ടു് തോട്ടത്തിൽ പറന്നുകളിച്ചിരുന്നു. വണ്ടുകൾ ഝങ്കാരശബ്ദം മുഴക്കിക്കൊണ്ടു പൂക്കളെ വലംവെച്ചുകൊണ്ടിരുന്നു. ആ സമയത്തു് ഒരുക്കൂട്ടം ഹംസങ്ങൾ തോട്ടത്തിൽ വന്നിറങ്ങി. കുറച്ചുസമയം വിശ്രമിച്ചതിനുശേഷം അവ പറന്നുപോകയുംചെയ്തു. എന്നാൽ ഒരു യുവഹംസംമാത്രം പോയില്ല. അതു് പറക്കാൻ ശ്രമിച്ചുനോക്കുന്നുണ്ടു്. പക്ഷേ, സാധിയ്ക്കുന്നില്ല. ദമയന്തിയുടെ ശ്രദ്ധ അങ്ങോട്ടാകർഷിയ്ക്കപ്പെട്ടു. അവൾ താഴെയിറങ്ങി തോട്ടത്തിലേയ്ക്കുചെന്നു് ഹംസത്തെ പിടിയ്ക്കാൻ ഭാവിച്ചു. ഹംസം പറന്നുപോകാതെ, പിടിയ്ക്കാൻ ദമയന്തിയെ അനുവദിച്ചു. അതു് തൻെറ കോമളമായ തല ദമയന്തിയുടെ മടിയിൽ ചായ്ച്ചുവെച്ചു. അതിന്നു് നല്ല ക്ഷീണവും വിശപ്പുമുണ്ടെന്നു തോന്നുമായിരുന്നു. ദമയന്തി ദാസിയെക്കൊണ്ടു്

പാല്പ് കൊണ്ടുവരീയ്ക്കുകയും തന്റെ കൈകൊണ്ടു് അതു് ഹംസത്തിന്നു് നൽകുകയും ചെയ്തു. പാലു കുടിച്ചപ്പോഠം ഹംസത്തിന്നു് ശക്തികിട്ടി. അതു മനുഷ്യഭാഷയിൽ ഇപ്രകാരം പറഞ്ഞു:-

"അല്ലയോ രാജകുമാരീ, ഇന്നു് താങ്കഠം എന്റെ ജീവരക്ഷ ചെയ്തതിന്നു് ഞാൻ എന്തു പ്രതിഫലമാണു് നൽകേണ്ടതെന്നു് എനിയ്ക്കറിയുന്നില്ല. ഞാൻ ഒരു സാധാരണ ഹംസമല്ല. ജഗൽസ്രഷ്ടാവായ ബ്രഹ്മാവിന്റെ വാഹനമാകുവാൻ എനിയ്ക്കു പലപ്പോഴും ഭാഗ്യമുണ്ടായിട്ടുണ്ടു്. ഒരുദിവസം ബ്രഹ്മദേവനും അദ്ദേഹത്തിന്റെ പത്നി സരസ്വതിയുംകൂടി എന്റെ ചിറകുകളിന്മേലിരുന്നു് ആകാശത്തിൽ സഞ്ചരിയ്ക്കുകയായിരുന്നു. അങ്ങനെ ഞങ്ങഠം ഈ രാജ്യത്തിന്നു മീതെക്കൂടി പറന്നുപോയി. താഴോട്ടുനോക്കി സരസ്വതി ബ്രഹ്മാവിനോടു് പറഞ്ഞു:- "അങ്ങാണു് എല്ലാം സൃഷ്ടിച്ചിട്ടുള്ളതു്. എന്നാൽ എനിയ്ക്കു തോന്നുന്നതു് സ്ത്രീകളിൽവെച്ചു് ദമയന്തിയെയാണു് ഏററവും സുന്ദരിയായി സൃഷ്ടിച്ചിട്ടുള്ളതു് എന്നാണു്. അവഠം സ്ത്രീകളിൽവെച്ചു് അത്യുത്തമയാണു്. എന്നാൽ അങ്ങയ്ക്കു് ഒരു തെററു പററീട്ടുണ്ടു്. ദമയന്തിയ്ക്കു് അനുയോജ്യനായ ഒരു പുരുഷനെ അങ്ങു് സൃഷ്ടിച്ചിട്ടില്ല." ഇതുകേട്ടു് ബ്രഹ്മാവു് പറഞ്ഞു: ''ദേവീ, ഞാൻ വൃദ്ധനായതുകൊണ്ടു് അബദ്ധങ്ങഠം മാത്രമേ പ്രവൎത്തിയ്ക്കുന്നുള്ളൂ എന്നാണു് ഭവതി കരുതുന്നതു്. എന്നാൽ ഇക്കാൎയ്യത്തിൽ ഭവതിയ്ക്കാണു് തെററു പററിയിരിയ്ക്കുന്നതു്. ദമയന്തിക്കു് അനുയോജ്യനായ ഒരു പുരുഷനെ ഞാൻ സൃഷ്ടിച്ചിട്ടുണ്ടു്.

നിഷധരാജ്യത്തിലെ രാജാവായ വീരസേനന്റെ പുത്രനാണു് ആയാൾ. ആയാളുടെ പേർ നളനെന്നാണു്." ഇതുകേട്ടപ്പോൾ സരസ്വതിയ്ക്കു സന്തോഷമായി.

"അല്ലയോ രാജകുമാരീ, ബ്രഹ്മാവും സരസ്വതിയും തമ്മിൽ നടന്ന ഈ സംഭാഷണത്തെ ഭവതിയെ അറിയിയ്ക്കുക എന്നതു് എന്റെ കത്തവ്യമായിരുന്നു. നളമഹാരാജാവുമായും എനിയ്ക്കു പരിചയപ്പെടാൻ കഴിഞ്ഞിട്ടുണ്ടു്. അദ്ദേഹത്തേപ്പോലെ സുന്ദരനായ ഒരു പുരുഷനെ ഞാനിതുവരെ കണ്ടിട്ടില്ല. അദ്ദേഹത്തിന്റെ സൌന്ദര്യം കാമദേവനേപ്പോലും തോല്പിയ്ക്കുന്ന ഒന്നാണു്. സൂര്യനേപ്പോലെ പ്രതാപശാലിയാണു് അദ്ദേഹം. വീരനും ബലശാലിയുമായ അദ്ദേഹത്തിന്നു് തലകുനിയ്ക്കാത്തവർ ഇല്ല. പ്രജകൾ അദ്ദേഹത്തിന്റെ ഗുണങ്ങളെ മുക്തകണ്ഠം പ്രശംസിയ്ക്കുന്നു. മനുഷ്യവംശത്തിൽ അദ്ദേഹത്തേപ്പോലെ ഒരാളെ ഞാൻ കണ്ടിട്ടില്ല. അദ്ദേഹം ഭവതിയ്ക്കു് അനുരൂപനാണു്. ഭവതിയുടെ സമ്മതമുണ്ടെങ്കിൽ ഞാൻ നളമഹാരാജാവിന്റെ അടുത്തുചെന്നു് വിവരമറിയിയ്ക്കാം."

ഇതുകേട്ടു് ദമയന്തി പറഞ്ഞു: "ബ്രഹ്മാവിന്റെ കല്പന അതാണെങ്കിൽ അതു നടക്കുകതന്നെ ചെയ്യും. അതിന്റെ മുമ്പിൽ തലകുനിയ്ക്കുവാൻ മാത്രമേ എനിയ്ക്കു സാധിക്കൂ." ഇതുകേട്ടു് ഹംസം തന്റെ ലോകത്തിലേയ്ക്കു പറന്നുപോയി.

# 3

നളൻെറ രൂപസൌന്ദര്യത്തേയും ഗുണങ്ങളേയും വീരതയേയുംപററി ഹംസം പറഞ്ഞതു കേട്ടമുതല്ക്ക് ദമയന്തി അദ്ദേഹത്തേക്കുറിച്ചു തന്നെ ചിന്തിച്ചിരിയ്ക്കാൻ തുടങ്ങി. ഉപവനത്തിൽ വളരെയധികം നേരം അദ്ദേഹത്തേക്കുറിച്ച് ചിന്തിച്ചുകൊണ്ടു് അവൾ കഴിച്ചുകൂട്ടി. തോഴിമാർ പല വർത്തമാനങ്ങളും പറയാറുണ്ടായിരുന്നുവെങ്കിലും ദമയന്തി അതിലൊന്നും ശ്രദ്ധിച്ചില്ല. കളിതമാശകളിലും അവൾ പങ്കുകൊള്ളാതായി.

ദമയന്തിയുടെ ഈ സ്ഥിതി മനസ്സിലാക്കിയ തോഴികൾ മഹാരാജ്ഞിയെ വിവരമറിയിച്ചു. അവർക്കു് കാര്യമെല്ലാം മനസ്സിലായി. അവർ മഹാരാജാവിനോടു് ദമയന്തിയുടെ വിവാഹത്തേക്കുറിച്ചു് ആലോചിക്കേണ്ട ഘട്ടമായെന്നു് അറിയിച്ചു. സ്വയംവരത്തിനുവേണ്ട ഏർപ്പാടുകൾ ചെയ്തു് ദമയന്തിയ്ക്കു് അനുരൂപനായ ഒരു വരനേ കണ്ടുപിടിയ്ക്കണമെന്നും അദ്ദേഹത്തേ ഏല്പിച്ചു.

അധികം താമസിയാതെ വിദർഭരാജാവു് ദമയന്തി

യുടെ സ്വയംവരത്തിന്നുവേണ്ട ഏൎപ്പാടുകളെല്ലാം ചെയ്തു. അതിൽ പങ്കുകൊള്ളുന്നതിന്നായി നാനാരാജ്യങ്ങളിൽ നിന്നും രാജാക്കന്മാർ വന്നുചേരുവാൻ തുടങ്ങി. നാരദ മഹൎഷിയിൽനിന്നു് ദമയന്തിയുടെ രൂപലാവണ്യത്തെ പ്പററി കേട്ട ദിക്പാലകന്മാരും അവളെ ലഭിയ്ക്കുമെന്ന ആശയോടുകൂടി സ്വയംവരത്തിന്ന പുറപ്പെട്ടു. വഴി യിൽവെച്ചു് അവർ നളനെ കണ്ടു. നളൻെറ അനുപമ മായ സൌന്ദൎയ്യവും പ്രതാപവും ഗുണങ്ങളും കണ്ടപ്പോഠം അവരുടെ ആശ നശിച്ചു. അപ്പോഠം അവർ തമ്മിൽ ഒരു കൂടിയാലോചന നടത്തിയതിനുശേഷം നളനോടു പറഞ്ഞു:- "മഹാരാജാവേ, അങ്ങു് സത്യവാദിയും ദയാ ലുവും ധൎമ്മാത്മാവുമാണു്. ഞങ്ങഠംക്കു് ഒരുകാൎയ്യം സാ ധിക്കേണ്ടതായിട്ടുണ്ടു്. അങ്ങു് വിചാരിച്ചാൽമാത്രമേ അതു സാദ്ധ്യമാവുകയുള്ളു. അങ്ങു വാക്കുതരികയാണെ ങ്കിൽ ഞങ്ങഠം അതു പറയാം." അവരുടെ ഏതുകാൎയ്യ വും സാധിപ്പിച്ചുകൊടുക്കുന്നതിന്നു് താൻ തയ്യാറാണെ ന്നു് നളൻ അവരോടു പറഞ്ഞു.

ഇതു കേട്ടപ്പോഠം സുരേശ്വരനെന്ന ദിക്പാലകൻ പറഞ്ഞു:- "അങ്ങു് ഞങ്ങളുടെ ദൂതനായി ദമയന്തിയു ടെ അടുക്കൽചെന്നു് ഞങ്ങളിൽ ആരെയെങ്കിലും വരി യ്ക്കുവാൻ അവളെ പ്രേരിപ്പിയ്ക്കണം." ഇതുകേട്ടപ്പോഠം നളന്നു് എന്തുവേണമെന്നറിയാതെയായി. അദ്ദേഹം പറഞ്ഞു:- "ഞാൻതന്നെ ദമയന്തിയുടെ സ്വയംവര ത്തിൽ പങ്കുകൊള്ളുവാൻവേണ്ടി പോകയാണു്. മാത്ര മല്ല, ദമയന്തിയെ വരിയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുക യുംചെയ്യുന്നു. ആ സ്ഥിതിക്കു് നിങ്ങളുടെ സന്ദേശവാ

ഹകനായി പോകുവാൻ എനിയ്ക്കെങ്ങനെ കഴിയും?" ദിക്പാലകൻ പറഞ്ഞു: "അങ്ങ് വാക്കുതന്നുപോയി. അതുകൊണ്ടു് പോകാതെ നിവൃത്തിയില്ല." നളന്ന് യാതൊരു സമാധാനവും പറയാനുണ്ടായില്ല. അദ്ദേഹം ദിക്പാലകന്മാരുടെ ദൂതനായി ദമയന്തിയുടെ കൊട്ടാരത്തിലേക്കു നടന്നു.

കൊട്ടാരവാതില്ക്കൽ വളരെയധികം കാവൽക്കാരുണ്ടായിരുന്നു. എന്നാൽ നളന്ന് തിരസ്കരണിവിദ്യ അറിയാമായിരുന്നു. അതിനാൽ ആർക്കും അദ്ദേഹത്തെ കാണാൻ കഴിഞ്ഞില്ല. അദ്ദേഹം നേരെ ദമയന്തിയുടെ അന്തഃപുരത്തിലേയ്ക്കു കടന്നുചെന്നു. അപരിചിതനായ ഒരു മനുഷ്യൻ പെട്ടെന്ന് അന്തഃപുരത്തിലേയ്ക്കു കടന്നുവരുന്നതു കണ്ടപ്പോൾ ദമയന്തിയുടെ തോഴിമാർ പരിഭ്രമിച്ചെഴുന്നേററു. ദമയന്തിയും എന്തുവേണമെന്നറിയാതെ കുഴങ്ങി. നളൻെറ രൂപസൌന്ദര്യം കണ്ടപ്പോൾ അവൾ ആകൃഷ്ടയായിത്തീരുകയും ചെയ്തു. അതിനാൽ അല്പമൊന്ന് ആലോചിച്ച് ലജ്ജിച്ചുകൊണ്ടു് അവൾ അദ്ദേഹത്തോടു ചോദിച്ചു:— "താങ്കൾ ആരാണ്? യാതൊരു മുന്നറിയിപ്പുംകൂടാതെ അന്തഃപുരത്തിലേയ്ക്കു വരാൻ എങ്ങനെ താങ്കൾക്കു സാധിച്ചു? വഴിയ്ക്കുവെച്ച് താങ്കളെ ആരും തടുത്തില്ലേ? താങ്കളുടെ രൂപലാവണ്യവും മുഖഭാവവും മററും കാണുമ്പോൾ താങ്കൾ നളമഹാരാജാവാണോ എന്നു ഞാൻ സംശയിച്ചുപോകുകയാണ്. എൻെറ മനസ്സ് ആകപ്പാടെ വിചലിതമായിത്തീർന്നിരിയ്ക്കുന്നു. നളമഹാരാജാവാണെങ്കിൽ

ശരി, അല്ലെങ്കിൽ ആഗമനോദ്ദേശമെന്തെന്നു പറയണം."

ഇതുകേട്ടു് നളൻ പറഞ്ഞു:—"അല്ലയോ സൌഭാഗ്യവതീ, ഭയപ്പെടേണ്ട. ഭവതിയുടെ അനുമാനം ശരിയാണു്. ഞാൻ നളൻ തന്നേയാണു്. എന്നാൽ ഇപ്പോൾ ഞാനിങ്ങോട്ടു വന്നിട്ടുള്ളതു് എന്റെ കാര്യമായിട്ടല്ല. ദിക്പാലകരുടെ ദൂതനായിട്ടാണു്. അവരുടെ സന്ദേശം ഭവതിയ്ക്കു നൽകലാണു് ഇപ്പോഴത്തെ എന്റെ പ്രവൃത്തി."

ദമയന്തി നളനേ രാജോചിതമായവിധത്തിൽ സ്വീകരിച്ചിരുത്തിയതിനുശേഷം പറഞ്ഞു:— "രാജൻ, അങ്ങു് എന്റെ ഹൃദയക്ഷേത്രത്തിൽ എത്രയോ മുമ്പു് പ്രതിഷ്ഠിയ്ക്കപ്പെട്ടിട്ടുണ്ടു്. എന്നാൽ ഇപ്പോൾ ദൂതനായിട്ടാണു് അങ്ങു് വന്നിരിയ്ക്കുന്നതു്. അതും സാധാരണ ദൂതനായിട്ടല്ല, ദേവദൂതനായിട്ടാണു്. സന്ദേശമെന്തെന്നു് പറഞ്ഞാലും!"

നളൻ: "ഈ സ്വയംവരത്തിൽ ദിക്പാലകന്മാരിൽ ആരെയെങ്കിലും ഭവതി ഭർത്താവായി വരിയ്ക്കണമെന്നു് അവർ ഭവതിയോടു് അഭ്യർത്ഥിച്ചിരിയ്ക്കുന്നു. അങ്ങനെ ചെയ്താൽ ഭവതിയ്ക്കു് അപാരമായ സുഖം ലഭിയ്ക്കും. മനുഷ്യൻ എത്ര നിസ്സാരനാണു്! ദേവന്മാരോടു് കിടപിടിയ്ക്കാൻ ഒരു പ്രകാരത്തിലും അവനു് സാദ്ധ്യമല്ല. അതിനുംപുറമേ ഒരു മനുഷ്യന്റെ അപേക്ഷ നിരസിയ്ക്കപ്പെടുകയാണെങ്കിൽപോലും അയാൾക്കു് ഭവതിയെ യാതൊന്നും ചെയ്യുക സാദ്ധ്യമല്ല. എന്നാൽ ദേവന്മാരുടെ അലോഹ്യം സമ്പാദിച്ചാൽ സർവ്വ

കാര്യങ്ങളിലും വിഘ്നങ്ങൾ ഉണ്ടാക്കുവാൻ അവൎക്ക് സാധിയ്ക്കും. ഒരു പ്രവൃത്തിയും വേണ്ടതുപോലെ ചെയ്യാൻ അവർ അനുവദിയ്ക്കുകയില്ല. ഉദാഹരണമായി അഗ്നിദേവനേ രുഷ്ടനാക്കി ഭവതി ഒരു മനുഷ്യനെ വരിയ്ക്കുകയാണെന്നിരിയ്ക്കട്ടെ. അഗ്നിസാക്ഷിയായി ചെയ്യുന്ന മംഗല്യകൎമ്മം അഗ്നിയില്ലാതെ മുടങ്ങിപ്പോകുന്നതിന്നു് ഇടവരുന്നു. അപ്പോൾ പിന്നേ ആരെ സാക്ഷിയാക്കീട്ടാണു് വിവാഹകൎമ്മം നടത്തുക? യമരാജാവു് അസന്തുഷ്ടനായിത്തീൎന്നാൽ വരനേയോ വധുവിനേയോ എപ്പോൾ വേണമെങ്കിലും അദ്ദേഹത്തിന്നു് യമപുരിയിലേയ്ക്കു വിളിയ്ക്കാൻ കഴിയും. അപ്പോൾ ആ ദാമ്പത്യജീവിതം എങ്ങനെ തകരാതിരിയ്ക്കും! അങ്ങനെ ജീവിതത്തിൽ എണ്ണമററ വിഘ്നങ്ങൾ നേരിടേണ്ടിവരും. അതുകൊണ്ടാണു് ദിക്പാലകന്മാരിൽ ഒരാളെ ഭവതി വരിയ്ക്കണമെന്നു് ഞാൻ പറയുന്നതു്. അങ്ങനെ മാത്രമേ എല്ലാവൎക്കും ക്ഷേമം ലഭിയ്ക്കുകയുള്ളു."

ദേവപക്ഷത്തേ സമൎത്ഥിച്ചുകൊണ്ടു് നളൻ പറഞ്ഞതെല്ലാം ദമയന്തി ശ്രദ്ധിച്ചുകേട്ടു. പിന്നീടു് അവൾ ഏററവും വിനയത്തോടുകൂടി ഇപ്രകാരം പറഞ്ഞു: "രാജൻ, അങ്ങു് അങ്ങയുടെ കൎത്തവ്യം നിൎവ്വഹിച്ചു. ഇനി എൻെറ മറുപടി കേട്ടാലും. ഞാൻ എത്രയോ മുമ്പു് എൻെറ ശരീരവും മനസ്സും സമ്പത്തുമെല്ലാം നളമഹാരാജാവിന്നു് അൎപ്പണംചെയ്തുകഴിഞ്ഞിരിയ്ക്കുന്നു. ഇനി വിഷ്ണുഭഗവാൻവന്നു് ശിപാൎശി പറഞ്ഞാൽപോലും ദിക്പാലകന്മാരുടെ ഭാൎയ്യയായിരിയ്ക്കാൻ ഞാൻ തെയ്യാറില്ല. എൻെറ ഈ നിശ്ചയത്തേ ആൎക്കുംതന്നേ ഇളക്കുവാൻ സാദ്ധ്യമല്ല."

ഇതുകേട്ടപ്പോറം നളൻ വളരെ വിഷമത്തിലായി. അദ്ദേഹം പറഞ്ഞു: "രാജകുമാരീ, ഭവതി എന്നെ വല്ലാത്തൊരു വിഷമാവസ്ഥയിലാണു് പെടുത്തിയതു്. ഭവതിയുടെ ഈ നിശ്ചയം ഞാൻ ദിക്പാലകന്മാരെ അറിയിച്ചാൽ അവർ എന്നെ തെററിദ്ധരിയ്ക്കും. ദൌത്യത്തെ ഞാൻ സ്വന്തം കാര്യസാദ്ധ്യത്തിന്നായി ഉപയോഗപ്പെടുത്തിയെന്നു് അവർ വിചാരിയ്ക്കും. സ്വന്തം താല്പര്യത്തെ ബലികഴിച്ചാണു് ഞാൻ അവക്കുവേണ്ടി പ്രവത്തിച്ചതു്. അതിന്നു് നന്ദി ലഭിയ്ക്കുന്നതിന്നു പകരം നിന്ദയാണു് ലഭിയ്ക്കുവാൻ പോകുന്നതു്." ദമയന്തി പറഞ്ഞു: "അങ്ങു് പരിഭ്രമിക്കേണ്ട. ഇതിൽ അവക്കു് കോപിക്കത്തക്കതായി യാതൊന്നും തന്നേയില്ല. അങ്ങു് സത്യാവസ്ഥ അവരെ അറിയിച്ചാൽമാത്രം മതി. സ്വയംവരത്തിൽ അവരുടെ മുമ്പിൽവെച്ചു് ഞാൻ അങ്ങയേ വരിയ്ക്കും. അങ്ങയ്ക്കു് ഒരു ദോഷവും ഉണ്ടാകുന്നതല്ല."

അങ്ങനെ ദമയന്തി സാദരം നളനെ യാത്രയയച്ചു. നളൻ ദിക്പാലകന്മാരുടെ അടുത്തുചെന്നു് എല്ലാ വിവരങ്ങളും വിശദമായി പറഞ്ഞുകൊടുത്തു. അതു കേട്ടപ്പോറം അവക്കു് അത്യധികം നിരാശയുണ്ടായി. എങ്കിലും അവർ പിന്തിരിയാൻ തെയ്യാറായില്ല.

സ്വയംവരം ആരംഭിച്ചു. അതിൽ മനുഷ്യക്കു പുറമേ ദേവന്മാരും ഗന്ധർവ്വന്മാരും കിന്നരന്മാരും പങ്കെടുത്തിരുന്നു. ദമയന്തിയുടെ രൂപലാവണ്യത്തെപ്പററിയുള്ള പ്രശസ്തി ലോകം മുഴുവൻ വ്യാപ്തമായിരുന്നതുകൊണ്ടു് അവളെ പത്നിയായികിട്ടിയാൽ കൊള്ളാമെന്നു് എല്ലാവരും ആഗ്രഹിച്ചിരുന്നു.

രാജാക്കന്മാരെല്ലാം സ്വയംവരമണ്ഡപത്തിൽ അവരവരുടെ സ്ഥാനത്തു് ആസനസ്ഥരായി. കൃത്യസമയത്തു് സൌന്ദര്യദേവതയായ ദമയന്തി വരണമാല്യവുമേന്തി മണ്ഡപത്തിലേയ്ക്കു പ്രവേശിച്ചു. ആയിരക്കണക്കിലുള്ള കണ്ണുകരം ആ സൌന്ദര്യധാമത്തെ ഉററുനോക്കുവാൻ തുടങ്ങി. ദേവന്മാർക്കുപോലും അലഭ്യമായ ആ രൂപലാവണ്യം കണ്ടവരെല്ലാം സ്വയം വിസ്മൃതരായി. അവിടെ കൂടിയിരുന്നവക്കു് ദമയന്തിയേ പരിചയപ്പെടുത്തികൊടുക്കുവാൻ സരസ്വതീദേവി തന്നെ വന്നിട്ടുണ്ടായിരുന്നു. ഒന്നാമതായി അവർ ദമയന്തിയേ നാഗരാജാവായ വാസുകിയുടെ അടുക്കലേയ്ക്കു് ആനയിക്കുകയും ഇപ്രകാരം പറയുകയും ചെയ്തു: "അല്ലയോ രാജകുമാരീ, ഇദ്ദേഹം നാഗരാജാവായ വാസുകിയാണു്. ശിവഭജനത്തിന്നു വേണ്ടി ജീവിതമർപ്പിച്ച ആളാണു് ഇദ്ദേഹം. ശിവനു് ഇദ്ദേഹത്തെ വളരെ ബഹുമാനമാണു്. ചിലപ്പോരം തൻെറ വില്ലിൻെറ ഞാണായി ശിവൻ ഇദ്ദേഹത്തെ ഉപയോഗിയ്ക്കുന്നു. മററു ചിലപ്പോരം ഇദ്ദേഹം ശിവൻെറ ജടകെട്ടുന്നതിന്നുവേണ്ടി ഉപയോഗിയ്ക്കപ്പെടുന്നു. ചിലപ്പോരം ഇദ്ദേഹത്തെ വളയാക്കി ശിവൻ കയ്യിൽ ധരിയ്ക്കുന്നു. ഇന്നു് നിന്നേ ലഭിയ്ക്കുമെന്ന ആശയോടുകൂടിയാണു് ഇദ്ദേഹം വന്നിട്ടുള്ളതു്."

നാഗരാജാവിനെക്കുറിച്ചുള്ള പ്രശംസ കേട്ടപ്പോരം ദമയന്തിക്കു് യാതൊരു ഭാവഭേദവും ഉണ്ടായില്ല. പിന്നീടു് ഇന്ദ്രൻ, അഗ്നി, വരുണൻ മുതലായ ദേവന്മാരെ പരിചയപ്പെടുത്തിക്കൊണ്ടു് അവർ മുമ്പോട്ടു പോയി.

ആ സമയത്തു് ദമയന്തി അഞ്ചു നളന്മാർ ഒന്നി

ച്ചിരിയ്ക്കുന്നതായി കണ്ടുപിടിച്ചു. അവൾക്ക് അതിയായ ആശ്ചര്യം തോന്നി. ദിക്പാലകന്മാരുടെ അഭ്യൎത്ഥന നിരസിച്ചതിൻെറ ഫലമാണ് അതെന്ന് അവൾ ഊഹിച്ചു. അവരിൽ ആരെയെങ്കിലും അബദ്ധത്തിൽ മാലയിടുവാൻവേണ്ടി അവർ പ്രയോഗിച്ച ഒരു മായാവിദ്യയായിരുന്നു അത്. യഥാൎത്ഥ നളനെ എങ്ങനെയാണ് കണ്ടുപിടിക്കേണ്ടത് എന്ന് ദമയന്തി ആലോചിയ്ക്കുവാൻ തുടങ്ങി. അവൾ മററു മാൎഗ്ഗങ്ങളൊന്നും കണ്ടില്ല. ഒടുവിൽ അവൾ ആ ദേവന്മാരെത്തന്നേ സ്തുതിക്കുവാൻ തുടങ്ങി. തൻെറ മനസ്സിൽ ദമയന്തി ഇപ്രകാരം പ്രാൎത്ഥിച്ചു: "അല്ലയോ ദിക്പാലകന്മരേ, നിങ്ങളുടെ സന്ദേശം ലഭിക്കുന്നതിനു മുമ്പുതന്നേ ഞാൻ നളമഹാരാജാവിനെ എൻെറ ഭൎത്താവായിവരിച്ചുകഴിഞ്ഞിരുന്നു. അതിനാൽ ആ സന്ദേശമനുസരിച്ച് നിങ്ങളിൽ ആരെയെങ്കിലും ഞാൻ വരിക്കുകയാണെങ്കിൽ അത് ഒരധൎമ്മമാകും. ഞാൻ എൻെറ ധൎമ്മത്തെ പാലിക്കുവാൻ ആഗ്രഹിക്കുന്നു. അതിന്ന് നിങ്ങൾ എന്നെ സഹായിയ്ക്കണം. ഈ മായാരൂപങ്ങൾ അകററുവാൻ നിങ്ങൾ കരുണ കാണിയ്ക്കണം. അങ്ങനെ നളമഹാരാജാവിനേ എൻെറ ഭൎത്താവായി സ്വീകരിപ്പാൻ നിങ്ങൾ എനിയ്ക്ക് അവസരം നൽകണം."

ദിക്പാലകന്മാർ സന്തുഷ്ടരായി മായാരൂപങ്ങൾ പിൻവലിച്ചു. ഇപ്രകാരം യഥാൎത്ഥ നളമഹാരാജാവിനെ തിരിച്ചറിയുവാൻ ദമയന്തിക്കു സാധിച്ചു. അവൾ അദ്ദേഹത്തിൻെറ അടുത്തു ചെല്ലുകയും, കഴുത്തിൽ വരണമാല്യമൎപ്പിക്കുകയും ചെയ്തു. നളനും ദമയന്തിയും ത

മ്മിലുള്ള വിവാഹം ആഘോഷപൂർവ്വം നടന്നു. തങ്ങളെ സ്മരിച്ചാൽ ഉടൻതന്നേ നളന്റെ സഹായാർത്ഥം എത്തിക്കൊള്ളാമെന്ന വരവും ദേവന്മാർ നളന്നു കൊടുത്തു. ഇപ്രകാരം വരങ്ങളും അനുഗ്രഹങ്ങളും നൽകിയതിന്നു ശേഷം ദേവന്മാരും ദിക്പാലകന്മാരും അവരവരുടെ ലോകങ്ങളിലേക്കു തിരിച്ചുപോയി. നളൻ ദമയന്തിയൊരുമിച്ച് തന്റെ രാജ്യത്തിലേക്കു മടങ്ങുകയും, രാജ്യകാര്യങ്ങളിൽ ഏർപ്പെട്ട് സസുഖം ജീവിക്കുവാൻ തുടങ്ങുകയും ചെയ്തു. കുറച്ചുകാലത്തിന്നു ശേഷം നളന്നും ദമയന്തിക്കും ഇന്ദ്രസേനൻ എന്ന ഒരു പുത്രനും ഇന്ദ്രസേന എന്ന ഒരു പുത്രിയും ജനിച്ചു.

# 4

നളനും ദമയന്തിയും തമ്മിനുള്ള വിവാഹം ദേവന്മാക്കും ദിക്പാലകന്മാക്കും സന്തോഷകരമായിരുന്നുവെങ്കിലും കലിക്കു് ഒട്ടുംതന്നേ ഇഷ്ടമായില്ല. ആയാഠം ദിക്പാലകന്മാരുടെ അടുത്തുചെന്നു് കുറച്ചുനേരം സംസാരിച്ചിരുന്നതിനു ശേഷം നളദമയന്തിമാർ തമ്മിലുള്ള വിവാഹത്തെ അവർ അനുകൂലിച്ചതിൽ ഖേദം പ്രകടിപ്പിച്ചു. ദമയന്തി യഥാത്ഥത്തിൽ നളനു് അനുയോജ്യയല്ല എന്നും, അവഠം നിങ്ങളിൽ ആരെയെങ്കിലും വരിക്കേണ്ടതായിരുന്നു എന്നും ആയാഠം പറഞ്ഞു. അപ്പോഠം ദിക്പാലകന്മാർ കഴിഞ്ഞുപോയതിനെക്കുറിച്ചു് വീണ്ടും ചിന്തിച്ചിട്ടു് ഫലമില്ലെന്നു പറഞ്ഞു് കലിയെ സമാധാനപ്പെടുത്തി. നളൻ ഒരു സാധാരണ മനുഷ്യനല്ലെന്നും വീരനും ഗുണവാനും ആണെന്നും ആയാളുടെ വിരോധം സമ്പാദിക്കുന്നതു് ശരിയല്ലെന്നും അതിനും പുറമെ തങ്ങഠം നളനേയും ദമയന്തിയേയും അനുഗ്രഹിച്ചിട്ടുണ്ടെന്നും അവർ കലിയോടു പറഞ്ഞു. എന്നാൽ കലിക്കു് ഇതുകൊണ്ടൊന്നും തൃപ്തിയായില്ല. നളനോടു്

പ്രതീകാരം ചെയ്യാനുള്ള അവസരവും കാത്തുകൊണ്ടു് ആയാറം കഴിച്ചുക്കൂട്ടി.

ഒരു ദിവസം നല്ല ഒരു സന്ദർഭം കിട്ടിയപ്പോറം കലി നളൻെറ സഹോദരനായ പുഷ്ക്കരനെ സമീപിയ്ക്കുകയും നളനെ ചൂതിനു വിളിയ്ക്കുവാൻ ആയാളെ പ്രേരിപ്പിയ്ക്കുകയും ചെയ്തു. കളിയിൽ രഹസ്യമായി താൻ പുഷ്ക്കരനെ സഹായിയ്ക്കാമെന്നും അങ്ങനെ നളൻെറ രാജ്യം മുഴുവൻ പുഷ്ക്കരനു് വാങ്ങിക്കൊടുക്കാമെന്നും കലി ആയാളോടു പറഞ്ഞു. പിന്നീടു് തക്കംകിട്ടിയപ്പോറം കലി നളൻെറ ശരീരത്തിൽ പ്രവേശിച്ചു. കലി നളൻെറ ശരീരത്തിൽ പ്രവേശിച്ച ഉടൻ തന്നേ അദ്ദേഹത്തിൻെറ വിവേകബുദ്ധി നഷ്ടപ്പെട്ടു. ആ സമയത്തു് പുഷ്ക്കരൻ അദ്ദേഹത്തെ ചൂതുകളിക്കുവാൻ ക്ഷണിക്കുകയും ചെയ്തു. അക്കാലത്തു് ചൂതുകളിക്കുവാനും യുദ്ധത്തിനും ക്ഷണിച്ചാൽ ക്ഷത്രിയന്മാക്കു് അതു് നിരസിക്കുവാൻ പാടില്ല എന്ന നിയമമുണ്ടായിരുന്നു. അതിനാൽ ക്ഷണം ലഭിച്ചപ്പോറം പരിണാമത്തെപ്പററി നല്ലപോലെ അറിവുണ്ടായിരുന്നിട്ടുപോലും ബുദ്ധിമാനായ നളൻ കലിയാൽ പ്രേരിതമായ ബുദ്ധിയോടുകൂടി ചൂതുകളിയിൽ പങ്കെടുക്കുവാൻ സമ്മതിക്കുകയാണുണ്ടായതു്.

കളി ആരംഭിച്ചു. എന്നാൽ കലി അദ്ദേഹത്തെക്കൊണ്ടു് തെററി കളിപ്പിക്കുവാൻ തുടങ്ങി. അങ്ങനെ നളൻ കളിച്ചേടത്തോളം പരാജയപ്പെട്ടുകൊണ്ടിരുന്നു. പുഷ്ക്കരൻ ജയിക്കുവാനും തുടങ്ങി. പരാജയം നളനെ കൂടുതൽ ആവേശഭരിതനാക്കിത്തീക്കുകയും വീണ്ടും വീണ്ടും വലിയ വലിയ പന്തയങ്ങറംവെച്ചു് കളിക്കുവാൻ

പ്രേരിപ്പിയ്ക്കുകയും ചെയ്തു. എന്നാൽ എല്ലാ കളിയിലും അദ്ദേഹം തോല്ക്കുകയാണുണ്ടായതു്.

ദമയന്തി ഈ വിവരമെല്ലാം മനസ്സിലാക്കി. സുഖകാലം അവസാനിയ്ക്കാറായി എന്നു് അവർ ഊഹിച്ചു. അതിനാൽ അവർ നളൻെറ വിശ്വസ്തനായ സാരഥിയുടെകൂടെ തൻെറ രണ്ടു കുട്ടികളേയും പിതാവിൻെറ അടുക്കലേയ്ക്കു് അയച്ചു. സാരഥി അവരെ വിദർഭയിൽ കൊണ്ടുപോയി ഏല്പിച്ചതിനുശേഷം അയോദ്ധ്യയിലെ രാജാവായ ഋതുപർണ്ണൻെറ സേവകനായി ജീവിയ്ക്കുവാൻ തുടങ്ങുകയുംചെയ്തു.

ചൂതുകളിയിൽ നളനു് സർവ്വസ്വവും നഷ്ടപ്പെട്ടു. അങ്ങനെ പന്തയംവെയ്ക്കുവാൻ യാതൊന്നുമില്ലാതായിതീൎന്നു. അപ്പോൾ പുഷ്കരൻ പറഞ്ഞു:- "താങ്കളുടെ പത്നി മാത്രമാണു് ഇനി ബാക്കിയുള്ളതു്. അവളെയും പന്തയംവെച്ചു് കളിയ്ക്കുകയല്ലേ?" ഇതു കേട്ടപ്പോൾ നളൻെറ കണ്ണുകൾ തുറന്നു. ചൂതുകളിയെ ക്ഷത്രിയധൎമ്മമായിട്ടാണു് അദ്ദേഹം കണക്കാക്കിയിരുന്നതു്. എന്നാൽ തൻെറ സഹോദരൻെറ നീചമായ മനോഭാവം കണ്ടപ്പോൾ അദ്ദേഹത്തിനു് കലശലായ ക്ഷോഭംവന്നു. പക്ഷേ, എന്തു ചെയ്യാനാണു്? ക്ഷോഭത്തെ ഒതുക്കി നളൻ ദമയന്തിയേയുംകൂട്ടി വനവാസത്തിനു പുറപ്പെട്ടു.

രാജ്യം ലഭിച്ചപ്പോൾ പുഷ്കരൻെറ തലതിരിഞ്ഞു. നളനും ദമയന്തിയ്ക്കും അഭയം നല്കുന്നവരെ രാജ്യദ്രോഹികളായി കണക്കാക്കുമെന്നു് അയാൾ വിളംബരംചെയ്തു. അതിനാൽ രാജാവിൻെറ കോപത്തെ ഭയന്നു് ആൎക്കും തന്നെ നളനും ദമയന്തിക്കും അഭയം നൽകുവാൻ ധൈര്യമുണ്ടായില്ല.

# 5

നളനും ദമയന്തിയും ദാരുണമായ ക്ലേശങ്ങൾ സഹിച്ചുകൊണ്ടു് കാട്ടിൽ അലഞ്ഞുതിരിയുവാൻ തുടങ്ങി. വിശപ്പും ദാഹവും ക്ഷീണവും വിചാരവുംകൊണ്ടു് അവർ പീഡിതരും പരിഭ്രാന്തരുമായിത്തീൎന്നു. ഒരു ദിവസം വൎണ്ണശബളിതമായ പത്രങ്ങളുള്ള പക്ഷികളെ അവർ കണ്ടു. അവയെ പിടിയ്ക്കുവാൻ നളൻ തന്റെ വസ്ത്രംകൊണ്ടു വലവെച്ചു. എന്നാൽ പക്ഷികൾ വലയിൽ പെടുകയല്ല, വസ്ത്രവും കൊത്തിക്കൊണ്ടു് ആകാശത്തിലേയ്ക്കു പറന്നു പോകയാണു് ചെയ്തതു്. നഗ്നനായ നളൻ വിസ്മയസ്തബ്ധനായി ആകാശത്തിലേയ്ക്കു നോക്കി നില്പായി. ഈ ദൃശ്യം കണ്ടപ്പോൾ ദമയന്തിയ്ക്കു് അതികഠിനമായ മനോവേദന തോന്നി. അവർ തന്റെ ചേലയുടെ ഒരുഭാഗം കീറി നളന്നു് ഉടുക്കുവാൻ കൊടുത്തു. ഇങ്ങനെയുള്ള കഷ്ടപ്പാടുകൾ മനുഷ്യന് എത്രകാലം സഹിയ്ക്കാൻ കഴിയും? നളന്റെ മനസ്സിളകി. അദ്ദേഹത്തിന്റെ ധൈൎയ്യം മുഴുവൻ അസ്തമിച്ചു.

ഒരു ദിവസം അത്യധികം ദുഃഖിതനായ നളൻ ദമ

യന്തിയോട്ട പറഞ്ഞു: "പ്രിയേ, എനിക്കു് ഞാൻ കഷ്ട പ്പെടുന്നതിൽ ഒട്ടുംതന്നെ സങ്കടമില്ല. എന്നാൽ ഞാൻ നിമിത്തം ഭവതിക്കു് ഈ കഷ്ടപ്പാട്ടകളെല്ലാം സഹി ക്കേണ്ടിവന്നുവല്ലോ എന്നോക്കുമ്പോഴാണു് എൻെറ ഹൃ ദയം പൊട്ടുന്നതു്. അതിനാൽ ഭവതി മാതാപിതാക്ക ളുടെ അടുക്കൽ ചെന്നിരിയ്ക്കണം. അങ്ങനെ ചെയ്താൽ എനിയ്ക്കും കുറെ ആശ്വാസം ലഭിയ്ക്കും. ഞാൻ തനി യെ എനിയ്ക്കുവേണ്ടതെല്ലാം ചെയ്തുകൊള്ളാം."

ഇതു കേട്ടപ്പോഠം ദമയന്തിക്കു് വളരെ വേദനതോ ന്നി. അവർ പറഞ്ഞു: "നാഥാ, അങ്ങ് എന്നെ എന്തു കുററത്തിനുവേണ്ടിയാണു് ഇപ്രകാരം ശിക്ഷിക്കുവാൻ പുറപ്പെടുന്നതു്? ഞാൻ മാതാപിതാക്കളുടെ അടുത്തു ചെന്നിരുന്നു് സുഖിയ്ക്കുകയും അങ്ങ് കാട്ടിൽ അലഞ്ഞു തിരിഞ്ഞു നടക്കുകയും ചെയ്യുക എന്നതു് എങ്ങനെ സംഭാവ്യമാകും? ഞാൻ അങ്ങയെവിട്ടു് എവിടെയും പോകാൻ വിചാരിയ്ക്കുന്നില്ലെന്നുള്ളതു് നിശ്ചയമാണു്."

ദമയന്തി ഇതുകൊണ്ടൊന്നും സമ്മതിയ്ക്കുകയില്ലെ ന്നു് നളൻ കണ്ടു. അതിനാൽ അവളെ കാട്ടിൽ തനി യെ വിടുന്നപക്ഷം ഏതെങ്കിലും പ്രകാരത്തിൽ മാതാ പിതാക്കന്മാരുടെ അടുത്തു് അവഠം എത്തിച്ചേൎന്നുകൊ ള്ളുമെന്നു് അദ്ദേഹം കരുതി. അങ്ങനെ ദമയന്തിയെ കാട്ടിൽ തനിയെ വിടുന്നതിനുള്ള മാൎഗ്ഗങ്ങളെപ്പററി ആലോചിക്കുവാൻ തുടങ്ങി.

ഒരു ദിവസം രാത്രി, പകൽ മുഴുവൻ നടന്നതുകൊ ണ്ടു് അത്യധികം ക്ഷീണിച്ചിരുന്ന ദമയന്തി ഗാഢനി ദ്രയിൽ അകപ്പെട്ടിരിക്കയായിരുന്നു. അപ്പോഠം നളൻ

സാവധാനത്തിൽ എഴുന്നേററ് ദമയന്തിയെ ഉപേക്ഷി ച്ച് അവിടെനിന്നു പോയി. പത്നിയോടുള്ള സ്നേഹം അദ്ദേഹത്തെ പിന്നോക്കം പിടിച്ചു വലിയ്ക്കുന്നുണ്ടായിരുന്നു. എങ്കിലും മനസ്സിനെ ഉറപ്പിച്ച് അദ്ദേഹം ദമയന്തിയെ വിധിക്കു വിട്ടുകൊടുത്തുകൊണ്ട് മുമ്പോട്ടുതന്നെ പോയി.

ദമയന്തി ഉണൎന്നുനോക്കിയപ്പോറം നളനെ തൻെറ അടുത്ത് കണ്ടില്ല. അവൾക്ക് കാൎയ്യം മുഴുവൻ മനസ്സിലാക്കാൻ അധികം നേരം വേണ്ടിവന്നില്ല. ദമയന്തി ഉറക്കെ വിലപിക്കുവാൻ തുടങ്ങി. അതു കാടു മുഴുവൻ മാറെറാലിക്കൊണ്ടു. ആ സമയത്ത് ഒരു വേടൻ ആ വഴിക്കു വന്നു. അതിസുന്ദരിയായ ഒരു സ്ത്രീ ഉറക്കെ വിലപിക്കുന്നതായി അവൻ കണ്ടു. മാത്രമല്ല ഒരു പെരുമ്പാമ്പ് അവളെ വിഴുങ്ങുവാൻ വായുംപൊളിച്ച് അടുക്കുന്നുണ്ടായിരുന്നു. വേടൻ ഉടനെതന്നെ അമ്പെയ്തു പാമ്പിനെ കൊന്നു. വേടനെ കണ്ടപ്പോറം ദയമന്തിക്ക് അല്പം സമാധാനമായി. എന്നാൽ കൂടുതൽ വലിയൊരു ആപത്തിലാണ് താൻ പെട്ടിരിയ്ക്കുന്നതെന്ന് അവർ കണ്ടു. ദമയന്തിയുടെ രൂപലാവണ്യംകണ്ട് മതിമറന്ന വേടൻ അവരുടെ ചാരിത്രം നഷ്ടപ്പെടുത്തുവാനുള്ള ശ്രമം തുടങ്ങി. അപ്പോറം ദയമന്തി ദേവന്മാരെയും ദിക്പാലന്മാരെയും ധ്യാനിച്ച് ക്രോധപൂൎണ്ണമായ നേത്രങ്ങളാൽ അവൻെറ നേൎക്കു നോക്കി. ആ നോട്ടം വേടനെ ഭസ്മമാക്കിക്കളഞ്ഞു.

അങ്ങനെ ദമയന്തി വിലപിച്ചുകൊണ്ടു കാട്ടിൽ അലഞ്ഞുനടക്കുവാൻ തുടങ്ങി. പലപ്പോഴും സിംഹങ്ങ

ളുടെയും കാട്ടാനകളുടെയും മുമ്പിൽ പെട്ടുകയും അവിടെനിന്നു് രക്ഷപ്രാപിക്കുകയും ചെയ്തുകൊണ്ടു് അവർ ചേദിനരേശനായ സുബാഹുവിൻെറ നഗരത്തിലെത്തി. അവിടെവെച്ചു് രാജമാതാവു് എങ്ങനെയോ അവരെ കാണുന്നതിനിടയായി. അതിസുന്ദരിയും തേജസ്വിനിയുമായ ഒരു സ്ത്രീയെ ഇപ്രകാരം ദയനീയമായ സ്ഥിതിയിൽ കണ്ട അവർ ദമയന്തിയെ തൻെറ അടുക്കലേയ്ക്കു കൂട്ടിക്കൊണ്ടുവന്നു. ദമയന്തി തൻെറ യഥാർത്ഥസ്ഥിതി അവരെ അറിയിച്ചില്ലെങ്കിലും ഏതോ ഉയന്ന ഒരു കുടുംബത്തിലെ അംഗമാണു് അവളെന്നു രാജമാതാവു് ഊഹിച്ചു. കാലദോഷംകൊണ്ടായിരിക്കണം ഈ സ്ഥിതി വന്നുചേന്നതെന്നും അവർ കരുതി. തന്നിമിത്തം അവക്കു് ദമയന്തിയുടെ പേരിൽ ദയതോന്നി. തൻെറ പുത്രിയായ സുനന്ദയുടെ തോഴിയായി അവളെ നിയോഗിക്കുകയും ചെയ്തു. സുനന്ദ വളരെ നല്ല ഒരു പെൺകുട്ടിയായിരുന്നു. അവരം ദമയന്തിയോടു് ഏററവും സ്നേഹത്തോടുകൂടി പെരുമാറി.

# 6

നളൻ ദമയന്തിയെ പിരിഞ്ഞു് കാട്ടിൽ ചുററിയ ലയുവാൻ തുടങ്ങി. തനിക്കു പററിയ ബുദ്ധിമോശത്തിൽ അദ്ദേഹത്തിനു പശ്ചാത്താപമുണ്ടായിരുന്നു. വിധിയുടെ ക്രൂരമായ ശാസനത്തെ ഓൎത്തു് അദ്ദേഹം കണ്ണുനീർ തൂകി. ദയമന്തിയെക്കുറിച്ചുള്ള സ്മരണയുണ്ടാകുമ്പോഴെല്ലാം അദ്ദേഹത്തിന്നു് അതികഠിനമായ വ്യഥ തോന്നിയിരുന്നു. അങ്ങനെ കാട്ടിൽക്കൂടി അലഞ്ഞുകൊണ്ടിരിക്കയായിരുന്ന നളൻ ഒരു ദിവസം ഒരു ശബ്ദംകേട്ടു. അദ്ദേഹം ആ സ്ഥലത്തേയ്ക്കു ചെന്നു. അപ്പോൾ ഒരു ഭയങ്കരസർപ്പം കാട്ടുതീയിന്റെ നടുവിൽപ്പെട്ടു് വിലപിക്കുന്നതായിട്ടാണു് കണ്ടതു്. നളനേ കണ്ടപ്പോൾ ആ സർപ്പം മനുഷ്യഭാഷയിൽ ഇപ്രകാരം പറഞ്ഞു: "രാജാവേ, അങ്ങു് എന്നെ രക്ഷിച്ചാലും. അതുകൊണ്ടു് അങ്ങയ്ക്കും എനിക്കും ഒരുപോലെ ഗുണമുണ്ടായിത്തീരും."

നളൻ അതിനെ തീയിന്റെ നടുവിൽനിന്നു് രക്ഷപ്പെടുത്തി. പിന്നീടു് അദ്ദേഹം പോകുവാൻ തുടങ്ങിയപ്പോൾ സർപ്പം പറഞ്ഞു: "അങ്ങനെ പോകരുതു്,

അടിയെണ്ണി നടന്നാലും." അതനുസരിച്ച് നളൻ ഒന്ന്, രണ്ട്, മൂന്ന് എന്നിങ്ങനെ അടിയെണ്ണി നടന്നുതുടങ്ങി. പത്ത് എന്ന് എണ്ണിയ ഉടനെ സർപ്പം നളനെ ദംശിച്ചു. നളൻ കലശലായി വേദനിച്ചു. അദ്ദേഹം ആശ്ചര്യത്തോടും ദുഃഖത്തോടുംകൂടി സർപ്പത്തിൻെറ നേർക്കു നോക്കുവാൻ തുടങ്ങി. സർപ്പം പറഞ്ഞു: "രാജാവേ, വ്യസനിക്കേണ്ട. ഞാൻ കാർക്കോടകനെന്ന നാഗരാജാവാണ്. ദേവർഷിയായ നാരദൻെറ ശാപം നിമിത്തം ഞാൻ നിശ്ചലനായി വനത്തിൽ കിടക്കുകയായിരുന്നു. അങ്ങയുടെ സ്പർശനംകൊണ്ട് എനിക്ക് ശാപമോക്ഷം ലഭിച്ചു. അങ്ങയുടെ ശരീരത്തിൽ കലിയുടെ അധിവാസമുണ്ട്. അതുകൊണ്ടാണ് അങ്ങയ്ക്ക് ഈ കഷ്ടപ്പാടുകളെല്ലാം അനുഭവിക്കേണ്ടിവരുന്നത്. ഞാൻ കടിച്ചതുകൊണ്ട് അങ്ങയ്ക്ക് വേദനയുണ്ടാകും. ആകൃതിക്ക് കുറച്ചു മാററം സംഭവിക്കുകയും ചെയ്യും. എന്നാൽ ഇതുകൊണ്ട് അങ്ങയെ ആരും തിരിച്ചറിയുവാൻ സാധിക്കുന്നതല്ല. അത് അങ്ങയ്ക്ക് നല്ലതുമാണ്. ഞാൻ അങ്ങയ്ക്ക് രണ്ടു വസ്ത്രങ്ങൾ തരാം. അതു ധരിച്ചാൽ അങ്ങ് പൂർവ്വസ്ഥിതിയെ പ്രാപിക്കും. കുറച്ചു ദിവസത്തോളം അങ്ങ് അജ്ഞാതവാസം ചെയ്യണം. അയോദ്ധ്യയിലെ രാജാവായ ഋതുപർണ്ണൻെറ സാരഥിയായി അങ്ങ് ഇത്രയും കാലം ജീവിക്കണം. ചൂതുകളിയിൽ അദ്ദേഹം വിദഗ്ദ്ധനാണ്. ആ കല അദ്ദേഹത്തിൽനിന്നു പഠിക്കണം. അധികം താമസിയാതെ അങ്ങയ്ക്ക് പത്നിയും പുത്രനും പുത്രിയുമായി ചേരുവാൻ സാധിക്കും. മാത്രമല്ല, നഷ്ടപ്പെട്ട രാജ്യം തിരിച്ചുകിട്ടുകയും ചെയ്യും." ഇ

ത്തുയുംപറഞ്ഞു് നാഗരാജാവു് അന്തർദ്ധാനം ചെയ്യുകയും നളൻ അയോദ്ധ്യയിലേക്കുപോകുകയും ചെയ്തു. അവിടെ അശ്വശാലയുടെ പ്രധാനിയായി അദ്ദേഹം നിയമിക്കപ്പെട്ടു. അവിടെവെച്ചു് അദ്ദേഹം തന്റെ പഴയ സാരഥിയായ വാർഷ്ണേയനെ കാണുകയും ചെയ്തു.

നളന്നു് ജീവിതവൃത്തി ലഭിച്ചുവെങ്കിലും ദമയന്തിയെക്കൂടാതെയുള്ള ജീവിതം അദ്ദേഹത്തിന്നു് ദുസ്സഹമായിത്തോന്നി. പത്നിയേക്കുറിച്ചുള്ള സ്മരണ അദ്ദേഹത്തെ കഠിനമായി ദുഃഖിപ്പിച്ചു.

വിദർഭരാജാവിന്നു് നളദമയന്തിമാരുടെ ആപൽക്കഥ കേട്ടപ്പോൾ വളരെയധികം മനോവേദനയുണ്ടായി. അദ്ദേഹം ചാരന്മാരെ നാനാഭാഗങ്ങളിലേയ്ക്കും അയച്ചു് അവരെ കണ്ടുപിടിക്കുന്നതിനുള്ള ശ്രമംതുടങ്ങി.

അങ്ങനെ സുദേവൻ എന്ന ഒരു ബ്രാഹ്മണചാരൻ ചേദിരാജ്യത്തിലെത്തിച്ചേർന്നു. അവിടെ രാജകൊട്ടാരത്തിൽവെച്ചു് അപ്രതീക്ഷിതമായി അയാൾ ദമയന്തിയെ കണ്ടു. അയാൾ ദമയന്തിയെ സ്വകാര്യമായി വിളിച്ചു് എല്ലാ വർത്തമാനങ്ങളും പറഞ്ഞു. കുട്ടികളുടെ വിവരവും അയാൾ ദമയന്തിയോടു് പറയുകയുണ്ടായി. അതു കേട്ടപ്പോൾ ദമയന്തി കരയുവാൻ തുടങ്ങി. അവർ കരയുന്നതു രാജമാതാവു് കണ്ടു് കാരണമന്വേഷിച്ചപ്പോൾ ദമയന്തി എല്ലാ വിവരങ്ങളും അവരെ ധരിപ്പിച്ചു. രാജമാതാവിന്നു് സന്തോഷസമ്മിശ്രമായ സന്താപമുണ്ടായി. അവർ പറഞ്ഞു: "നീ എന്റെ സഹോദരിയുടെ മകളാണു്. നിന്റെ മുത്തച്ഛന്റെ പേർ സുദാമാ എന്നാണു്. അദ്ദേഹം ദശാർണ്ണത്തിലെ രാജാവാ

ണ്."  ദമയന്തിയുടെ യഥാൎത്ഥസ്ഥിതി മനസ്സിലായപ്പോൾ സുബാഹുരാജാവിന്നു് വളരെ സന്തോഷമായി. അദ്ദേഹം അത്യധികം ആദരവോടും ബഹുമതിയോടും കൂടി ദമയന്തിയെ വിദൎഭയിലേയ്ക്കു് യാത്രയയച്ചു. പിന്നീടു് നളനെ കണ്ടുപിടിക്കുവാൻ തന്റെ ആൾക്കാരെ നിയോഗിക്കുകയും ചെയ്തു.

ദമയന്തി സസുഖം വിദൎഭയിലെത്തിച്ചേൎന്നു. മഹാരാജാവിന്നു് അവരെ കണ്ടപ്പോൾ വളരെ ദുഃഖമുണ്ടായി. അദ്ദേഹം നളനെ അന്വേഷിക്കുവാൻ കൂടുതൽ ചാരന്മാരെ ഏൎപ്പാടുചെയ്തു. അങ്ങനെ ശക്തിയായ അന്വേഷണം തുടങ്ങി.

കുറച്ചുദിവസങ്ങൾക്കുശേഷം ഒരു ചാരൻ അയോദ്ധ്യയിൽനിന്നു് മടങ്ങിവന്നു് നളനേക്കുറിച്ചുള്ള വിവരം ലഭിച്ചില്ലെങ്കിലും, ഋതുപൎണ്ണരാജാവിന്റെ സാരഥി ദമയന്തിയുടെ വൎത്തമാനം കേട്ടപ്പോൾ ദുഃഖിതനായി കാണപ്പെട്ടുകയുണ്ടായെന്നു പറഞ്ഞു. ബാഹുകൻ എന്നാണു് അയാളുടെ പേർ എന്നും ആ ചാരൻ അറിയിച്ചു. ഇതുകേട്ടപ്പോൾ ദമയന്തിയുടെ മനസ്സിൽ ഒരു നേരിയ ആശ നിഴലിച്ചു. ഭാവി അന്ധകാരമയമാവുകയില്ലെന്നു് അവൾക്കു തോന്നി. അവർ തന്നെ കണ്ടുപിടിച്ച സുദേവനെന്ന ചാരനെ വിളിച്ചുവരുത്തി. അയോദ്ധ്യയിലെ ഋതുപൎണ്ണരാജാവിന്റെ അടുത്തുചെന്നു് ദമയന്തിക്കു് രണ്ടാം സ്വയംവരം നിശ്ചയിച്ചിരിക്കുന്നുവെന്നു് അറിയിക്കുവാൻ അയാളെ ഏല്പിക്കുകയുംചെയ്തു. സുദേവൻ അയോദ്ധ്യയിലേയ്ക്കു പുറപ്പെട്ടു.

# 7

ദമയന്തിയുടെ സ്വയംവരത്തെപ്പററി കേട്ട ഋതുപ ർണ്ണന്നു് വളരെ സന്തോഷമായി. അയാൾക്കു ദമയന്തിയെ ഭാൎയ്യയായി കിട്ടിയാൽ കൊള്ളാമെന്നു് വളരെ ആഗ്രഹമുണ്ടായിരുന്നു. എന്നാൽ സ്വയംവരം പിറേറദിവസമാണെന്നറിഞ്ഞപ്പോൾ വളരെ ഇച്ഛാഭംഗമുണ്ടായി. അയാൾ തൻെറ പുതിയ സാരഥിയായ ബാഹുകനെ വിളിച്ചു് എല്ലാ വൎത്തമാനങ്ങളും പറഞ്ഞു. ബാഹുകൻ പറഞ്ഞു: "അങ്ങു് ഒട്ടും വിചാരപ്പെടേണ്ട. കൃത്യസമയത്തു് ഞാൻ അങ്ങയെ വിദൎഭയിൽ എത്തിച്ചുകൊള്ളാം." സ്വയംവരത്തെപ്പററി കേട്ടപ്പോൾ നളന്നു് വളരെ മനോവേദന തോന്നി. ദമയന്തിയോടുള്ള തൻെറ പെരുമാററത്തെ അദ്ദേഹം അനുസ്മരിച്ചു. അവരെ കാട്ടിൽ തനിയെവിട്ടു് താൻ ഓടിപ്പോകയാണു ചെയ്തതു്. അതുകൊണ്ടു് ദമയന്തി അങ്ങനെ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അതു് അവരുടെ കുററമല്ല എന്നും അദ്ദേഹം കരുതി. അതിനേപ്പററി കൂടുതൽ ചിന്തിച്ചിട്ടു യാതൊരു ഫലവുമില്ല.

ബാഹുകൻ വായുവേഗത്തെ തോല്പിയ്ക്കുന്ന കുതിരകളെ രഥത്തിൽ കെട്ടി. അങ്ങനെ ഋതുപൎണ്ണനേയും കൊണ്ടു് അതിവേഗം യാത്രയാരംഭിച്ചു. രഥത്തിന്റെ അതിവേഗത്തിലുള്ള പ്രയാണവും സാരഥിയുടെ വൈദഗ്ദ്ധ്യവും കണ്ടപ്പോൾ രാജാവിന്നു് ആശ്ചര്യവും വാർഷ്ണേയന്നു് ഉത്സാഹവും തോന്നി. അപ്പോഴാണു് ഋതുപൎണ്ണൻ തന്റെ മേലങ്കി താഴെ വീണുപോയി എന്നറിയിച്ചതു്. അദ്ദേഹം രഥം നിൎത്തുവാൻ പറഞ്ഞു. എന്നാൽ ബാഹുകൻ പറഞ്ഞു: "മഹാരാജാവേ, രഥം നാലു കാതംവഴി മുമ്പോട്ടുപോന്നിട്ടുണ്ടായിരിയ്ക്കും ഇപ്പോൾ." ഇതുകേട്ടപ്പോൾ രാജാവു അത്ഭുതപ്പെട്ടുപോയി. മേലങ്കിയെക്കുറിച്ചു് പിന്നീടു് അദ്ദേഹം ചിന്തിച്ചില്ല.

ഋതുപൎണ്ണൻ ഗണനകലയിൽ അതിവിദഗ്ദ്ധനായിരുന്നു. അദ്ദേഹം ബാഹുകനോടു് പറഞ്ഞു: "ആ നില്ക്കുന്ന വൃക്ഷത്തിൽ എത്ര ഇലകൾ ഉണ്ടാവുമെന്നു് പറയുവാൻ സാധിയ്ക്കുമോ? ഞാൻ പറഞ്ഞുതരാം: എന്നിട്ടു് നിങ്ങൾ എണ്ണിനോക്കി ശരിയാണോ എന്നു പറയണം. മരത്തിൽ ആകെ അഞ്ചു കോടി ഇലകളുണ്ടു്. ഓരോ കൊമ്പിലും 2095 ഇലകൾ കണ്ടുണ്ടു്. നിലത്തു് നൂറിലകളും നൂറു കായ്കളും വീണുകിടക്കുന്നുണ്ടു്."

ബാഹുകൻ രഥംനിൎത്തി എണ്ണിനോക്കിയപ്പോൾ രാജാവു പറഞ്ഞതു് ശരിയാണെന്നു കണ്ടു. അദ്ദേഹത്തിന്നു് വളരെ ആശ്ചര്യം തോന്നി. ഋതുപൎണ്ണനോടു പറഞ്ഞു:— "അങ്ങു് ദയവുചെയ്തു് ഈ കല എനിയ്ക്കു പഠിപ്പിച്ചുതരണം." രാജാവു പറഞ്ഞു: "അശ്വസഞ്ചാലനകല നിങ്ങൾ എനിയ്ക്കു പഠിപ്പിച്ചുതരികയാണെങ്കിൽ

എന്റെ കല ഞാനും പഠിപ്പിച്ചുതരാം." അങ്ങനെ കാര്യം തീരുമാനിയ്ക്കപ്പെട്ടു. ഓരോരുത്തരും അവനവന്റെ കല അന്യോന്യം പഠിപ്പിച്ചു. ഋതുപർണ്ണന്നു് വിദർഭയിലെത്താനുള്ള ബദ്ധപ്പാടായിരുന്നു. അതിനാൽ തന്റെ കല ആ രാജാവ് ബാഹുകന്നു വളരെ വേഗത്തിൽ പഠിപ്പിച്ചു. ബാഹുകൻ പറഞ്ഞു: "അങ്ങു് ദ്യൂതകലയിൽ നിപുണനാണെന്നു് കേൾക്കുന്നു. ആ കലയും എനിയ്ക്കു പഠിപ്പിച്ചുതരണം." ബാഹുകന്റെ പേരിൽ രാജാവിന്നു് വളരെ സന്തോഷം തോന്നിയിരുന്നതുകൊണ്ടു് ദ്യൂതകലയും പഠിപ്പിച്ചുകൊടുത്തു. ദ്യൂതകല പഠിച്ച ഉടനെ കലി നളന്റെ ശരീരത്തിൽനിന്നു് ഓടിപ്പോയി. കലിയുടെ പ്രഭാവം നശിച്ച ഉടൻതന്നേ നളന്നു് സ്വബുദ്ധി വീണ്ടുകിട്ടുകയും, അദ്ദേഹം തന്റെ പൂർവ്വകർമ്മങ്ങളിൽ കഠിനമായി പശ്ചാത്തപിയ്ക്കുകയും ചെയ്തു.

വൈകുന്നേരമായപ്പോഴെയ്ക്കും ബാഹുകൻ ഋതുപർണ്ണനെയുംകൊണ്ടു് വിദർഭയിലെത്തി. ഋതുപർണ്ണൻ പെട്ടെന്നു വന്നതുകണ്ടപ്പോൾ ഭീമരാജാവിന്നു് വളരെ ആശ്ചര്യം തോന്നി. ദമയന്തിയുടെ ഇടത്തുഭാഗം തുടിയ്ക്കുവാൻ തുടങ്ങി. അവരുടെ മനസ്സിന്നു് കുറേ ശാന്തി ലഭിച്ചു.

ഭീമരാജാവു് ഋതുപർണ്ണനെ യഥോചിതം സ്വാഗതം ചെയ്തു. അദ്ദേഹത്തെ അതിഥിമന്ദിരത്തിൽ താമസിപ്പിച്ചു. ബാഹുകനോടും മഹാരാജാവു് സംസാരിയ്ക്കുകയുണ്ടായി. അദ്ദേഹത്തിന്നു് അതു് നളനായിരിയ്ക്കുമോ എന്ന സംശയം തോന്നി. അദ്ദേഹം ദമയന്തിയോടു് എല്ലാ വിവരങ്ങളും പറഞ്ഞു. അപ്പോൾ ദമയന്തി മററൊരു സൂത്രം പ്രയോഗിച്ചു. ബാഹുകന്നു് പാകംചെയ്ത ഭക്ഷണം അയയ്ക്കുകയുണ്ടായില്ല. പാത്രങ്ങ

ളും ഭക്ഷണസാമഗ്രികളും മാത്രമേ അയച്ചുകൊടുത്തുള്ളു. തീയ്യും വെള്ളവും അയച്ചില്ല. എന്നാൽ നളൻെറ വരബലം നിമിത്തം തീ തനിയേ കത്തി. വെള്ളം തനിയേ ഉണ്ടായി. അങ്ങനെ പാകം ചെയ്ത ഭക്ഷണം കഴിച്ചതിന ശേഷം നളൻ വിശ്രമിയ്ക്കുവാൻ തുടങ്ങി. ആ സമയത്തേക്ക് ദമയന്തിയുടെ ദാസി ഇന്ദ്രസേനനേയും ഇന്ദ്രസേനയേയും ബാഹുകൻെറ അടുക്കലേയ്ക്കു് കൂട്ടിക്കൊണ്ടുപോയി. തൻെറ സന്താനങ്ങളെ കണ്ടപ്പോൾ അദ്ദേഹത്തിന്നു് ദുഃഖം സഹിച്ചില്ല. എന്നാൽ അതൊന്നും പുറത്തുകാണിയ്ക്കാതെ ഇപ്രകാരം പറഞ്ഞു: "എനിക്കും ഇങ്ങനെ രണ്ടു കുട്ടികൾ ഉണ്ടായിരുന്നു. വളരെ കാലമായി ഞാൻ അവരെ കണ്ടിട്ടില്ല. അതിനാൽ അവരെപ്പററിയുള്ള ഓമ്മവരുമ്പോൾ മനസ്സിന്നു് അസ്വാസ്ഥതതോന്നുന്നു. ഈ കുട്ടികളെ അകത്തേയ്ക്കു കൊണ്ടുപൊയ്ക്കോൾക. ഇവർ നളൻെറ മക്കളാണു്. എന്നാൽ നാളെ മററൊരാളുടെ മക്കളാവാനാണു് പോകുന്നതു്." ബാഹുകൻ താൻ പാകംചെയ്ത ഭക്ഷണത്തിൽനിന്നു് അല്പം കുട്ടികൾക്കു് കൊടുത്തു. പിന്നീടു് അവരെ സ്നേഹപൂർവ്വം യാത്രയയയ്ക്കുകയും ചെയ്തു.

ദാസി ദമയന്തിയോടു് വിവരങ്ങളെല്ലാം പറഞ്ഞു. കുട്ടികൾക്കു് ബാഹുകൻ കൊടുത്ത ഭക്ഷണസാധനങ്ങളിൽനിന്നു് അല്പമെടുത്തു് ദമന്തി സ്വാദുനോക്കുകയുണ്ടായി. അപ്പോൾ ബാഹുകൻ നളമഹാരാജാവല്ലാതെ മററാരുമല്ലെന്നു് അവൾക്കു് തികച്ചും ബോദ്ധ്യമായി. ദമയന്തി തൻെറ അമ്മയോടു് എല്ലാ വിവരങ്ങളും ധരിപ്പിക്കുകയും ബാഹുകനെ തൻെറ ഭവനത്തിലേയ്ക്കു് വിളിപ്പിക്കുകയും ചെയ്തു. അവിടെ ബാഹുകന്നു് തൻെറ

രഹസ്യം സൂക്ഷിച്ചുവെയ്ക്കാൻ കഴിഞ്ഞില്ല. അദ്ദേഹം തന്റെ സ്ഥിതികളെല്ലാം വിശദീകരിച്ചു. കലിയുടെ ആവാസംകൊണ്ടായിരുന്നു തന്റെ ബുദ്ധി ഭ്രഷ്ടമായി പ്പോയതെന്ന് അദ്ദേഹം പറഞ്ഞു. തന്നിമിത്തമാണ് സർവ്വ ആപത്തുകളും അനർത്ഥങ്ങളുമുണ്ടായതു്. എന്നാൽ കലി തന്നെവിട്ടുപോയെന്നും തന്റെ ദുഷ്കാലം കഴിഞ്ഞു വെന്നും അദ്ദേഹം അറിയിച്ചു. പക്ഷേ ദമയന്തി പുനർ വിവാഹംചെയ്യാൻ പോകയാണെന്നും, അതു് ഒരു വിപ ത്തായി താൻ കരുതുന്നില്ലെന്നും അദ്ദേഹം പറഞ്ഞു.

വിറയ്ക്കുന്ന കൈകളോടുകൂടി ദമയന്തി നളന്റെ പാദങ്ങൾ സ്പർശിച്ചതിനുശേഷം ഇപ്രകാരം പറഞ്ഞു:— "നാഥാ, ഇതെല്ലാം തന്നേ അങ്ങയേ തിരഞ്ഞു കണ്ടുപി ടിയ്ക്കുന്നതിന്നു് പ്രയോഗിച്ച ഒരു സൂത്രമായിരുന്നു. എ നിക്കു് എങ്ങനെയാണു് പുനർവിവാഹം ചെയ്യാൻ സാധിക്കുക? ദിക്പാലകന്മാരുടെ അർത്ഥനയെ തട്ടിനീ ക്കി നിറഞ്ഞ സഭയിൽവെച്ചു് ഞാൻ അങ്ങയെ വരിച്ച ആ കഥ ഇത്രവേഗം അങ്ങു മറന്നുവോ? എന്റെ ധർമ്മ ത്തെ ഞാൻ ത്യജിക്കുമെന്നാണോ അങ്ങു കരുതുന്നതു്? എല്ലാം അങ്ങുതന്നെ നല്ലപോലെ ആലോചിച്ചു് തീർച്ച പ്പെടുത്തിയാൽ മതി".

നളൻ പ്രത്യക്ഷപ്പെട്ട വാർത്ത രാജധാനിയിൽ സ ർവ്വത്ര പരന്നു. ബാഹുകൻ കാർക്കോടകൻ കൊടുത്ത വസ്ത്രം ധരിച്ചു് തന്റെ പൂർവ്വസ്ഥിതിയെ പ്രാപിച്ചു. എങ്ങു നോക്കിയാലും സീമാതീതമായ ആനന്ദപ്രകടനം തന്നേ. ഋതുപർണ്ണരാജാവു് നളനോടു മാപ്പുചോദിച്ചു കൊണ്ടു് ഇപ്രകാരം പറഞ്ഞു: "എന്റെ അധീനത യിൽ ജീവിക്കുന്ന കാലത്തു് അങ്ങയ്ക്കു് വല്ല ബുദ്ധിമുട്ടു

കളും നേരിട്ടിട്ടുണ്ടെങ്കിൽ, അഥവാ ഞാൻ അന്യായമായി എന്തെങ്കിലും പറയുകയോ പ്രവൎത്തിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ, ആയതിന്നു് അങ്ങു് മാപ്പുതരണം."

നളൻ പറഞ്ഞു: "ആപത്തുകാലത്തു് എനിക്കു് അഭയം നൽകുകയും അമൂല്യമായ വിദ്യകൾ ഉപദേശിച്ചുതരികയും ചെയ്ത അങ്ങയോടു് ഞാൻ എന്നെന്നും കടപ്പെട്ടവനാണു്."

ഋതുപൎണ്ണൻ അയോദ്ധ്യയിലേയ്ക്കു മടങ്ങി. നളൻ അല്പദിവസം വിദൎഭയിൽ താമസിച്ചതിനുശേഷം ദമയന്തിയോടും കുട്ടികളോടുംകൂടി തൻെറ രാജ്യത്തിലേയ്ക്കു പോയി. പുഷ്കരൻെറ ദുൎഭരണംകൊണ്ടു് പ്രജകളെല്ലാം അത്യധികം വിഷമിച്ചു ജീവിക്കുകയായിരുന്നു. അതിനാൽ നളനെ അവർ ആവേശപൂൎവ്വം സ്വാഗതംചെയ്തു. നളൻ പുഷ്കരനെ വീണ്ടും ചൂതുകളിക്കുവാൻ ക്ഷണിച്ചു. എന്നാൽ പുഷ്കരനു് തൻെറ മുമ്പിൽ നില്ക്കാൻ കഴിഞ്ഞില്ല. അയാൾക്കു് അടിക്കടി പരാജയം സംഭവിച്ചുകൊണ്ടിരുന്നു. ഒടുവിൽ നളൻ നഷ്ടപ്പെട്ട തൻെറ രാജ്യവും സമ്പത്തുമെല്ലാം തിരികെവാങ്ങി. പുഷ്കരൻെറ സൎവ്വസ്വവും നശിച്ചു. അയാൾ ഭയപ്പെട്ടു വിറയ്ക്കാൻ തുടങ്ങി. താൻചെയ്ത കുറ്റംകൈകൾക്കു് നിശ്ചയമായും നളൻ പ്രതീകാരം ചെയ്യുമെന്നാണു് അയാൾ കരുതിയിരുന്നതു്. എന്നാൽ ഉദാരമതിയായ നളൻ തൻെറ സഹോദരനു് മാപ്പുകൊടുക്കുകയും അയാളുടെ സമ്പത്തു മുഴുവൻ തിരികെ നൽകുകയും ചെയ്തു.

മഹാന്മാരുടെ ഹൃദയം ഔദാര്യംകൊണ്ടു് നിറഞ്ഞതായിരിക്കുമെന്നതിന്നു് സംശയമില്ല.

[സമാപ്തം.]

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* MF2 *Acc. No.* 13707

This book should be returned on or before the date last stamped below.

1 - MAR 1968
16 JUL
20 NOV
27 FEB 1973
13 SEP 1978
8 DEC 1982
8 JUN 1987
17 SEP 1988
11 MAY 2009

MF2 13707

കുമാരൻനായർ, പി. എം.

നക്ഷോദയം.